(4) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കാട്ടുനായക വിഭാഗത്തിന് ഭൂമിയും വീടും നൽകണമെന്ന ആവശ്യം

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രാകൃതമായ ഗോത്രവർഗ്ഗമാണ് കാട്ടുനായക വിഭാഗം. ഇവർക്ക് സ്വന്തമായി ഒരു വീടില്ല. അതോടൊപ്പം തന്നെ സ്വന്തമായി വീട് കെട്ടാൻ ബഹുഭൂരിപക്ഷത്തിന് സ്ഥലവുമില്ല. ഈ സാഹചര്യത്തിൽ പ്രാകൃത ഗോത്ര വർഗ്ഗമെന്ന പരിഗണന നൽകി ഇവർക്ക് വീട് നിർമ്മിക്കാൻ പ്രത്യേക സ്കീം ഉണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ സഭയോട് ഞാൻ ആവശ്യപ്പെടുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): കേരളത്തിൽ അഞ്ച് പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പുകളുള്ളതിൽ ഒന്നാണ് കാട്ടുനായക വിഭാഗം. സംസ്ഥാനത്തൊട്ടാകെ 3162 കുടുംബങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. ഇതിൽ 31 കുടുംബങ്ങൾ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലാണ്. പാലക്കാട് ജില്ലയിൽ റവന്യൂ ഭൂമി ലഭ്യമാക്കാനുള്ള ശ്രമം വിജയിച്ചിട്ടില്ല. എന്നാൽ അടുത്തകാലത്ത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള 19,002 ഏക്കർ ഭൂമിയിൽ 10,770 ഏക്കർ ഭൂമി പാലക്കാട് ജില്ലയിലാണ്. ആ ജില്ലയിലെ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം 5389 ആണ്. ഈ ഭൂമി വിതരണം ചെയ്യുമ്പോൾ തീർച്ചയായും ഈ 31 കുടുംബങ്ങൾക്കും ലഭ്യമാകും. ഇതിന് പുറമെ പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ്സിന്റെ അടിസ്ഥാന ആവശ്യങ്ങളായ വീട്, വെള്ളം എന്നിവയ്ക്ക് വേണ്ടി കേന്ദ്ര ഗവൺമെന്റ് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസായി 10 കോടി രൂപ തന്നിട്ടുണ്ട്. ആ ഫണ്ട് ഉപയോഗിച്ച് പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ്സിന് വീട് നിർമ്മിക്കുന്നുണ്ട്. അവർക്ക് വീട് ലഭിക്കുകയും ചെയ്യും.

(5) ഭക്ഷ്യ വസ്തുക്കളിലും പാനീയങ്ങളിലും മായം ചേർക്കൽ

ശ്രീ. സാജു പോൾ: സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ നിരവധി വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. കുട്ടികളെ അടക്കം ജീവിതകാലം മുഴുവൻ വേട്ടയാടും വിധം പാൽ, പാനീയങ്ങൾ, ഉപ്പ്, പലവ്യഞ്ജനങ്ങൾ, മത്സ്യം, മാംസം തുടങ്ങിയ എല്ലാറ്റിലും മായമാണ്. ജനങ്ങൾ ഇപ്പോൾ ഈച്ച ഇരിക്കുന്ന പഴങ്ങൾ തേടി നടക്കുന്ന സ്ഥിതിയാണ്. അക്ബർ കൊട്ടാരത്തിൽ മുട്ട കടി എന്നു പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീട്ടിലടക്കം ഗുണനിലവാരമില്ലാത്ത പാൽ എത്തുന്ന അവസ്ഥയാണ്. ആരോഗ്യ വകുപ്പിനെ ധീരമായി നയിച്ചിട്ടുള്ള അങ്ങയ്ക്ക് ഇതിന്റെ ഗൗരവം മനസ്സിലാകുമല്ലോ? ആരോഗ്യ മേഖല അവലോകന മെന്നുപറയുന്ന പുസ്തകത്തിൽ അര പേജിലാണ് .ഇതുസംബന്ധിച്ചുള്ളത്. 9000 പരിശോധനയും 300 നടപടിയുമെന്നാണ് പറഞ്ഞിട്ടുള്ളത്. എല്ലാ പത്രങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെക്കുറിച്ചുള്ള ലേഖനം പ്രസിദ്ധീകരിച്ചു. അതുകൊണ്ട് അടിയന്തിരമായി ഭക്ഷ്യ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഏകോപിതമായ നീക്കത്തിലൂടെ വ്യാപകമായ മായം ചേർക്കലിനെതിരെ, മാലിന്യങ്ങളും കീടനാശിനികളും ഗുരുതരമായ രാസവസ്തുക്കളും നമ്മുടെ ഭക്ഷണ പദാർത്ഥങ്ങളിൽ കലർത്തുന്നതിനെതിരെ നടപടി സ്വീകരിക്കാനുള്ള കർശനമായ നിലപാട് ഗവൺമെന്റ് എടുക്കണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതായ പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ-മായം ചേർക്കൽ നിരോധന നിയമം 1954-ഉം ചട്ടം 1955-ഉം അനുശാസിക്കും പ്രകാരം ഭക്ഷ്യ മായം ചേർക്കൽ നിരോധന വിഭാഗത്തിലെ ഫുഡ് ഇൻസ്പെക്ടർമാർ സംസ്ഥാനത്ത് ലഭ്യമായ എല്ലാ ഭക്ഷ്യവസ്തുക്കളുടെയും ഉല്പാദന, സംഭരണ, വിതരണ, വിൽപ്പന ശൃംഖലകളിൽ നിന്ന് നിയമാനുസരണം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. ആരോഗ്യവകുപ്പ് സെക്രട്ടറിയും സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റികൂടിയായ ആരോഗ്യ വകുപ്പ് ഡയറക്ടറും എല്ലാ മാസവും ഈ വിഭാഗത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിലുള്ള മൂന്ന് അനലറ്റിക്കൽ ലബോറട്ടറികൾ ഇത്തരം സാമ്പിളുകൾ പരിശോധിക്കുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 11,216 വിവിധ ഭക്ഷ്യ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 248 സാമ്പിളുകളിൽ മായം കലർത്തിയതായി തെളിഞ്ഞിട്ടുണ്ട്. കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 692 ഭക്ഷ്യ എണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 41 സാമ്പിളുകളിൽ മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. 253 മുളകുപൊടി സാമ്പിളുകൾ പരിശോധിച്ചതിൽ 9 സാമ്പിളുകളിൽ നിരോധിക്കപ്പെട്ട സുഡാൻ എന്ന കൃത്രിമ നിറം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. 453 ശീതള പാനീയങ്ങൾ പരിശോധിച്ചതിൽ ഒന്നും തന്നെ മായം കലർന്നതായി കണ്ടെത്തിയിട്ടില്ല. 418 പാൽ സാമ്പിളുകൾ പരിശോധിച്ചതിൽ 49 എണ്ണം ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്ന് വരുന്ന അക്ഷയ എന്ന പായ്ക്കറ്റ് പാലിൽ ന്യൂട്രലൈസർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ 28 സാമ്പിളുകൾ പരിശോധിച്ചതിൽ മുന്തിരിയുടെ ഒരു സാമ്പിളിൽ കീടനാശിനിയുടെ അംശവും 2 മാമ്പഴ സാമ്പിളിൽ കാൽസ്യം കാർബൈഡ് എന്ന രാസവസ്തുവും കണ്ടെത്തിയിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഞാൻ ഇതിനുമുമ്പ് പല തവണ പറഞ്ഞിട്ടുള്ളതാണ് സബ്മിഷൻ എഴുതി വായിക്കരുതെന്ന്. രണ്ട് സെന്റൻസിൽ മറുപടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly